പതിനാലാം കേരളനിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1335      13.07.2016-ൽ മറുപടിക്ക്

## ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. റോജി എം. ജോൺ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ആഭ്യന്തര വകുപ്പ് ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി) സംസ്ഥാനത്ത് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും മയക്ക മരുന്നിന്റെ ഉപയോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹ്യ വിപത്തും ഇല്ലാതാക്കുന്നതിനു വേണ്ടിയാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സ്കൂൾ കോളേജ് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും വിവിധ ബോധവൽക്കരണ പരിപാടികൾ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾ സംയുക്തമായാണ് നടപ്പിലാക്കി വരുന്നത്. പ്രശസ്ത സിനിമാതാരം ശ്രീ.മമ്മൂട്ടി പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറാണ്. |
| (സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്? | (സി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ കോളേജ് തലത്തിലും, ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവിധ തരം ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. മയക്ക മരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും ഇതിന്റെ വിതരണക്കാരെയും ഇത് ഉപയോഗിക്കുന്നവരെയും ഇത് മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് ശേഖരിച്ച് സൂക്ഷിക്കുന്നവരെയും കണ്ടുപിടിച്ച് ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിച്ച് ഈ മാരക വിപത്തിനെതിരെ ബോധവൽക്കരണം നടത്തി വരികയും ചെയ്യുന്നു. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്ത്, |

(തുടർച്ച...2)

വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതുവരെ കേരളത്തിൽ (30.05.2014 മുതൽ 07.07.2016 വരെ) 52711 റെയ്ഡുകൾ നടത്തുകയും അതിൽ 14904 കേസുകൾ രജിസ്റ്റർ ചെയ്യുകയും 14426 അറസ്റ്റുകൾ രേഖപ്പെടുത്തുകയും ചെയ്തു.

Rajani.M

സെക്ഷൻ ഓഫീസർ